(ബി) ശാന്തിക്കാരെ ക്ളാസ് 4 തസ്തികയിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത്; ആണെങ്കിൽ ഇവരെ ക്ളാസ്-3 ജീവനക്കാരായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്ഷേത്രത്തിലെ പൂജാരിമാർക്ക് അവധി ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1262 (ആയിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട്) ശാന്തിക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തിക്കാർ ഉൾപ്പെടെയുള്ള ക്ഷേത്രജീവനക്കാരെ കണ്ടിജൻസി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഭാഗക്കാർക്ക് ലാസ്റ്റ് ഗ്രേഡ് ശമ്പള സ്കെയിൽ ലഭിക്കുന്ന മുറയ്ക്ക് ക്ളാസ്-4 വിഭാഗത്തിന് തുല്യമായ ശമ്പളം-അലവൻസുകളും, മറ്റ് സർവ്വീസ് ദൈർഘ്യ ഗ്രേഡുകളും നൽകി വരുന്നു. കൂടാതെ ക്ളാസ്-3 വിഭാഗത്തിൽപ്പെട്ട ലോവർ ഡിവിഷൻ ക്ളാർക്ക്/സബ്ഗ്രൂപ്പാഫീസർ തസ്തികയുടെ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ശാന്തിക്കാർ ഉൾപ്പെട്ട ക്ഷേത്രജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി നീക്കി വച്ചിട്ടുണ്ട്. എല്ലാ ശാന്തിക്കാർക്കും ക്ളാസ്-3 വിഭാഗത്തിൽ സ്ഥാനക്കയറ്റം നൽകുകയാണെങ്കിൽ ബോർഡിന് താങ്ങാനാകാത്ത സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഈ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ഇല്ല. പൂജാരിമാർക്ക് അവധിക്ക് അപേക്ഷിക്കുമ്പോൾ അവരുടെ ചുമതലയിൽ പകരം ആളെ വയ്ക്കണമെന്നതാണ് നിലവിലുള്ള നടപടിക്രമം. അപ്രകാരമുള്ള അവധി അപേക്ഷകൾ അനുവദിച്ചു നൽകുകയും, അർഹതയുള്ള അവധി എടുക്കുമ്പോൾ പകരം ആളെ ഏർപ്പെടുത്തുന്നതിന് ദേവസ്വം ബോർഡിൽ നിന്നും അലവൻസ് നൽകുകയും ചെയ്യുന്നുണ്ട്.

ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ കമ്പ വിളക്കുകൾ

91 [374] ശ്രീ. വർക്കല കഹാർ :

,, കെ. മുഹമ്മദാലി :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള പുരാതന ക്ഷേത്രങ്ങളിലെ സാധന സാമഗ്രികൾ നന്നാക്കുന്നതിനോ പകരം വയ്ക്കുന്നതിനോ എടുത്തു മാറ്റുന്നതിനോ ഉള്ള നടപടി ക്രമമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ സ്ഥാപിച്ചിരുന്ന അതിപുരാതനമായ കമ്പവിളക്കുകൾ എടുത്തുമാറ്റുകയുണ്ടായോ; എന്തിനുവേണ്ടിയാണ് ഇവ മാറ്റിയത്; ഇവ ഉപയോഗശൂന്യമായിരുന്നുവോ;

(സി) ഇവ മാറ്റി പുതിയ കമ്പ വിളക്കുകൾ സ്ഥാപിക്കണമെന്ന് ഭക്ത ജനങ്ങളോ ക്ഷേത്ര ഉപദേശകസമിതിയോ ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ എന്ന്;

(ഡി) ഇവ എടുത്തുമാറ്റിയപ്പോൾ ഇവയുടെ ഗുണനിലവാരം, മോഡൽ, വില എന്നിവ ഉറപ്പാക്കിയിരുന്നുവോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇവയ്ക്ക് പകരമായി പുതിയ കമ്പ വിളക്കുകൾ ക്ഷേത്രത്തിൽ കൊണ്ടു വന്നുവോ; എങ്കിൽ അവ സ്ഥാപിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഈ വിളക്കുകൾ എടുത്തുകൊണ്ടുപോയത്താരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിലെ സാധന സാമഗ്രികൾ നന്നാക്കുന്നതിനും മറ്റുമുള്ള വ്യക്തമായ നിയമ വ്യവസ്ഥകൾ നിലവിലുണ്ട്. അതനുസരിച്ച് നിയമാനുസരണം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ റേറ്റ് കോട്ടു ചെയ്യുന്ന കരാറുകാരന് അനുവാദം നൽകി ബന്ധപ്പെട്ട മേധാവിയുടെ (തിരുവാഭരണം കമ്മീഷണർ/ചീഫ് എഞ്ചിനീയർ) മേൽനോട്ടത്തിൽ പണി നടത്തുന്നതാണ് പതിവ് നടപടിക്രമം.

(ബി, സി ആന്റ് ഡി) ഹരിപ്പാട് ദേവസ്വം മതിൽക്കകത്ത് വലിയമ്പലത്തിന്റെ നാലുവശത്തായി സ്ഥാപിച്ചിട്ടുള്ള ഏഴ് കമ്പവിളക്കുകൾ കാലപ്പഴക്കത്താൽ ദ്രവിച്ച് പൊട്ടിയും ദ്വാരം വീണും വിളക്ക് കത്തിക്കാൻ കഴിയാത്തവിധം നശിച്ചുപോയിട്ടുള്ള തിനാൽ, ടി കമ്പവിളക്കുകൾ വർഷങ്ങളായി കത്തിക്കാറില്ലായിരുന്നു. ഉൽസവ കാലങ്ങളിൽ ഇല്യൂമിനേഷൻ ലൈറ്റുകളാണ് ഇടാറുള്ളത്. ടി കമ്പവിളക്കുകൾ ഉരുക്കി ഉടച്ചുവാർത്ത് പുനഃസ്ഥാപിക്കേണ്ടതാണെന്ന് തിരുവാഭരണം കമ്മീഷണർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ റേറ്റ് കോട്ടു ചെയ്ത വർക്കല ശ്രീകൃഷ്ണാ ഇൻഡസ്ട്രീസിന് (ഒരു കിലോഗ്രാമിന് 175 രൂപ ക്രമത്തിൽ) ടി ക്വട്ടേഷൻ അംഗീകരിച്ച് തിരുവാഭരണം കമ്മീഷണറുടെ മേൽനോട്ടത്തിൽ ഉരുക്കി ഉടച്ചുവാർത്ത് പുതുക്കി പണിത് പുനഃസ്ഥാപിക്കുന്നതിന് ബോർഡ് അനുവാദം നൽകിയിരുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) കമ്പവിളക്കുകൾ പുനഃസ്ഥാപിച്ചിട്ടില്ല. കമ്പവിളക്കുകൾ മാറ്റി പുനഃസ്ഥാപിക്കാൻ തുടങ്ങിയപ്പോൾ ഭക്തജനങ്ങളിൽ നിന്നും പരാതികൾ ഉണ്ടായ സാഹചര്യത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തുകയും ഇതിന്റെ ചുമതലക്കാരായ വരും പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടവരുമായ തിരുവാഭരണം കമ്മീഷണറേയും ഓവർസീയറേയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ ഡിപ്പാർട്ട്മെന്റൽ എൻക്വയറിയും ക്രൈം ബ്രാഞ്ച് എൻക്വയറിയും നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly